**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3498** **26-06-2024 - ൽ മറുപടിയ്ക്ക്**

**1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ടിന്റെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ടിലെ വകുപ്പ് 58 (3) ൽ പ്രതിപാദിച്ചിട്ടുള്ള കിംഗ്, ക്യൂൻ, റോയൽ തുടങ്ങിയ നാമങ്ങൾ ഒരു പാർട്ട്ണർഷിപ്പ് ഫേമിന്റെ പേരിന്റെ ഭാഗമാക്കുകയാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ പാർട്ട്ണർഷിപ്പ് രജിസ്ട്രേഷൻ നടത്തുവാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത ആക്ടിലെ വകുപ്പ് കാലാനുസൃതമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | 1932 -ലെ ഇന്ത്യൻ പാർട്ടണർഷിപ്പ് ആക്ടിലെ വകുപ്പ് 58(3) പ്രകാരം ഒരു പാർട്ട്ണർഷിപ്പ് ഫേമിന്റെ പേരിൽ ക്രൗൺ, എംപറെർ, എംപ്രസ്, എംപെയർ, ഇംപീരിയൽ, കിംങ്, ക്യൂൻ, റോയൽ എന്നിവയോ, ഗവൺമെന്റിന്റെ അനുജ്ഞയോ അംഗീകാരമോ, പ്രോത്സാഹനമോ പ്രകടമാക്കുന്നതോ വ്യഞ്ജിപ്പിക്കുന്നതോ ആയ വാക്കുകളോ ഉൾപ്പെട്ടു വന്നാൽ അത്തരം പേരുകൾ സംസ്ഥാന സർക്കാരിന്റെ രേഖാമൂലമായ ഉത്തരവിനാൽ അനുമതി നൽകാതെ ഉപയോഗിക്കാനാകില്ല.<br><br>ഈ നിയമം 1932 -ലെ 9 -ാം കേന്ദ്ര നിയമം ആകയാൽ മേൽ നിയമത്തിൽ കാലാനുസൃതമായ ഭേദഗതി വരുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ